ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

ആശ പ്രവർത്തകർ നടത്തുന്ന സേവനങ്ങൾ

83 (1811) ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എം. എം. മോനായി :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രോഗപ്രതിരോധ പ്രവർത്തനങ്ങളിലും മറ്റ് പൊതുജനാരോഗ്യ പ്രവർത്തനങ്ങളിലും 'ആശ' പ്രവർത്തകർ നടത്തുന്ന സേവനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര 'ആശ' വാളണ്ടിയർമാർ പ്രവർത്തിക്കുന്നു ; ഇവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് ;

(സി) ആരോഗ്യവകുപ്പ് സ്ഥാപനങ്ങളിലേക്ക് നിയമനം നൽകുന്നതിൽ 'ആശ' വർക്കർമാർക്ക് എന്തെങ്കിലും മുൻഗണന നൽകുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ ആശാപദ്ധതി 2007 മുതൽ നടപ്പിലാക്കിവരുന്നു. ഓരോ വാർഡ് തലത്തിലും അശാപ്രവർത്തകരുടെ പ്രവർത്തനങ്ങൾ വാർഡ്തല ആരോഗ്യ ശുചിത്വ കമ്മിറ്റിയും ജെ.പി.എച്ച്.എൻ.-നുമാണ് വിലയിരുത്തുന്നത്. എല്ലാമാസവും പി.എച്ച്.സി.-യിൽ മെഡിക്കൽ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തന വിലയിരുത്തൽ യോഗങ്ങൾ നടത്തുന്നു. സംസ്ഥാന തലത്തിൽ ഈ പദ്ധതിക്ക് കൂടുതൽ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആശാ റിസോഴ്സ് സെന്ററും പ്രവർത്തിച്ചുവരുന്നു. ഇതെല്ലാം ആശാപ്രവർത്തകരുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനാണ്.

(ബി) കേരളത്തിൽ 31838 ആശാപ്രവർത്തകർ പ്രവർത്തിച്ചുവരുന്നു. ആശാപ്രവർത്തകർക്ക് സ്ഥിരമായി വേതനം നൽകുന്നില്ല. മറിച്ച് വിവിധ പദ്ധതികളിൽനിന്നും ലഭിക്കുന്ന ഇൻസെന്റീവുകളാണ് ഇവർക്ക് നൽകുന്നത്.

ഇൻസെന്റീവുകൾ താഴെപ്പറയുന്നവയാണ് :

1. പരിശീലനങ്ങൾക്ക് യഥാർത്ഥ യാത്രാപ്പടി
2. പരിശീലന ദിവസങ്ങൾക്ക് 100 രൂപാ വീതം ക്ഷാമബത്ത
3. ആരോഗ്യ സ്ഥാപനങ്ങളിൽ മാസംതോറും നടക്കുന്ന മീറ്റിംഗിനു 100 രൂപ

LIBRARY ARCHIVES Kerala Legislative Assembly

4. ജനനീ സുരക്ഷാ യോജന പ്രകാരം ഒരു ഗുണഭോക്താവിനെ സഹായിക്കുന്നതിന് 200 രൂപ

5. മാസംതോറും നടക്കുന്ന പ്രതിമാസ കുത്തിവെയ്പുകൾക്ക് ഒരു കുട്ടിയെകൊണ്ടുവരുന്നതിന് 20 രൂപ വന്ധ്യംകരണത്തിന് സ്ത്രീകളെ പ്രേരിപ്പിക്കുന്നതിന് 150 രൂപയും പുരുഷന്മാർക്ക് 200 രൂപയും

6. വാർഡുതല ആരോഗ്യ പോഷകദിനം സംഘടിപ്പിക്കുന്നതിന് 150 രൂപ (കുറഞ്ഞത് 25 പേരെയെങ്കിലും പങ്കെടുപ്പിക്കണം)

7. തിമിര ശസ്ത്രക്രിയയ്ക്ക് പ്രേരണനൽകി ശസ്ത്രക്രിയ നടത്തുകയും ചെയ്യുന്നതിന് 175 രൂപ (ഒരു കണ്ണിന്)

8. ടി.ബി. രോഗികൾക്ക് കഫ പരിശോധനക്കും അതിനുശേഷം ഡോട്സ് നൽകുന്നതിനുമായി 250 രൂപ

9. ഗർഭിണികളായ സ്ത്രീകളെ തുടർച്ചയായി സന്ദർശിച്ച് ഗർഭകാല പരിചരണവും ശുശ്രൂഷയും (പ്രസവശേഷം കുറഞ്ഞത് മൂന്ന് ഗൃഹ സന്ദർശനം) നടത്തുന്നതിന് 20 രൂപ

10. കുട്ടികൾക്ക് മുഴുവൻ പ്രതിരോധകുത്തിവെയ്പുകൾ എടുക്കുകയും അത് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നതിന് ഒരു കുട്ടിക്ക് അൻപതു രൂപ.

(സി&ഡി) 17-2-2011-ലെ സർക്കാർ ഉത്തരവ് (സാധാ.)നമ്പർ 617/2011/ആ.കു.വ. പ്രകാരം ചുരുങ്ങിയത് മൂന്നുവർഷം ആശാപ്രവർത്തകരായി (അക്രഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്റ്റിവിസ്റ്റ്) സേവനമനുഷ്ഠിച്ചിട്ടുള്ളവർ ആരോഗ്യവകുപ്പിന്റെയോ ആരോഗ്യവിദ്യാഭ്യാസവകുപ്പിന്റെയോ കീഴിലുള്ള സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ്-2, പാർട്ട് ടൈം സ്വീപ്പർ മറ്റ് ലാസ്റ്റ് ഗ്രേഡ് തസ്തികകൾ മുതലായ തസ്തികകളിലേക്ക് 1-4-2011-നുശേഷം നടക്കുന്ന ഇന്റർവ്യൂകളിൽ പങ്കെടുക്കുമ്പോൾ അവർക്ക് 5 മാർക്ക് ഗ്രേസ്മാർക്കായി അനുവദിച്ചിട്ടുണ്ട്.

ആശാപ്രവർത്തകർക്ക് സാമ്പത്തികാനുകൂല്യം

84 (1812) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശാപ്രവർത്തകർക്ക് കൂടുതൽ സാമ്പത്തിക ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ദുരിതാശ്വാസക്യാമ്പുകളിലും പ്രകൃതിദുരന്തങ്ങളിലും സഹായിക്കുന്ന ആശാപ്രവർത്തകർക്ക് കൂടുതൽ സാമ്പത്തികാനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരമാണ് ആശാപ്രവർത്തകർക്ക് വിവിധ പദ്ധതികളിൽനിന്നുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നത്. ആശാപ്രവർത്തകർക്ക് കൂടുതൽ ആനുകൂല്യം നൽകുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly